**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4523** **01-07-2024 - ൽ മറുപടിയ്ക്ക്**

**ഉദുമ മണ്ഡലത്തിലെ ദേലംപാടി 33 കെ.വി. സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഉദുമ മണ്ഡലത്തിലെ ദേലംപാടി പഞ്ചായത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഉദുമ മണ്ഡലത്തിലെ അഡൂർ പ്രദേശത്ത് ഒരു 33 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് 10.5 കോടി രൂപയ്ക്ക് എസ്റ്റിമേറ്റും, വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും തയ്യാറാക്കി. ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ കെ എസ് ഇ ബി എൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | ഉദുമ മണ്ഡലത്തിലെ അഡൂർ വില്ലേജിൽ ഒരു സ്വകാര്യ വ്യക്തിയുടെ 38 സെന്റ് ഭൂമി പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ